# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഴവന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 1)1608/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഴവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഴവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഴവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 1)1608/2023 തീയ്യതി: 06/12/2023

## എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. പോളി ടി ഒ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. മരുൺ മാത്യൂ,ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. സ്വപ്ന വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ബിൻസി ബൈജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ എൻ എം മോഹനൻ | സെക്രട്ടറി | 01-04-2022 | 02-10-2022 |
| ശ്രീ ദീപു ദിവാകരൻ | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോഷിൻ കോശി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 10-11-2022 |
| ശ്രീ പി ബി ജോയി | അസിസ്റ്റന്റ് സെക്രട്ടറി | 11-11-2022 | 31-03-2023 |
| ഡോ. ശ്രീലേഖ ദിവാകർ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 01-04-2022 | 31-05-2022 |
| ഡോ.ജെറാൾഡ് ഗോർക്കിംഗ് മാത്യൂ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 01-06-2022 | 30-06-2022 |
| ഡോ.ജയൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 01-07-2022 | 31-03-2023 |
| ഡോ.അജിത ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 02-01-2023 |
| ഡോ.മഞ്ജു ടി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 03-01-2023 | 31-03-2023 |
| ഡോ.ശ്രീകല എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.സീന എൻ എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ ഷിഹാബ് ബാബു | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി കൃഷ്ണശോഭ കെ ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ മുഹമ്മദ് അജാസ് | വി ഇ ഒ( ഐരാപുരം) | 01-04-2022 | 24-08-2022 |
| ശ്രീമതി ബിൻസീന ഇബ്രാഹിം | വി ഇ ഒ( ഐരാപുരം) | 25-08-2022 | 31-03-2023 |
| ശ്രീ മുഹമ്മദ് സാലിഹ് | വി ഇ ഒ( നെല്ലാട്)-ചാർജ് | 01-04-2022 | 25-05-2022 |
| ശ്രീ ഷൈമ | വി ഇ ഒ( നെല്ലാട്) | 26-05-2022 | 21-07-2022 |
| ശ്രീ അലിയാർ പി എം | വി ഇ ഒ( നെല്ലാട്) | 22-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ മുഹമ്മദ് സാലിഹ് | വി ഇ ഒ( മഴവന്നൂർ) | 01-04-2022 | 31-03-2023 |
| ശ്രീ ഫൈസൽ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-10-2022 |
| ശ്രീമതി ദീപ എൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-10-2022 | 31-03-2023 |
| ശ്രീമതി ചിത്ര എൻ ബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 03-08-2022 |
| ശ്രീ സന്തോഷ് കെ എൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 04-08-2022 | 31-08-2022 |
| ശ്രീ ബേസിൽ മത്തായി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-09-2022 | 09-10-2022 |
| ശ്രീ ജോർജ് സക്കറിയ | അസിസ്റ്റന്റ് എഞ്ചിനിയർ | 10-10-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-3 |
| 5 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല. | 1-1-7 |
| 9 | ലഭ്യത ഉറപ്പാക്കാനാകാത്ത തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് രേഖപ്പെടുത്തിയത് കൃത്യമല്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനതു ഫണ്ട് സമാഹരണം-പൊതു അവലോകനം | 1-11 |
| 21 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-12 |
| 22 | തുടർ വിദ്യാഭ്യാസ പദ്ധതി - അവശ്യ രേഖകൾ ലഭ്യമല്ല | 1-13 |
| 23 | കൃത്യമായ എസ്റ്റിമേറ്റില്ലാതെ നിക്ഷേപ പ്രവൃത്തിക്ക് മുൻകൂർ നൽകുന്നു. | 1-14 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-15 |
| 25 | തരിശ് ഭൂമി നെൽകൃഷി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 26 | പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-17 |
| 27 | ബാങ്കിലെ നീക്കിയിരുപ്പ് - പലിശ നഷ്ടം | 1-18 |
| 28 | ബാങ്ക് ബുക്കും പാസ്സ് ബുക്കും തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. | 1-19 |

| | | |
|---|---|---|
| 29 | വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-20 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-21 |
| 31 | പി എം എ വൈ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-21-1 |
| 32 | ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. | 1-22 |
| 33 | വാട്ടർ ചാർജ് അടക്കുന്നത് - ടാപ്പുകളുടെ എണ്ണം വ്യക്തമല്ല. | 1-23 |
| 34 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-24 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-25 |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-26 |
| 37 | വാടക - അപാകതകൾ | 1-27 |
| 38 | ജി.എസ്.ടി. ഈടാക്കിയിട്ടില്ല | 1-28 |
| 39 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-29 |
| 40 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് | 1-30 |
| 41 | കിൻഫ്ര - വ്യവസായ സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശിക - 2.66കോടി രൂപ കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-31 |
| 42 | ഓഡിറ്റ് ഇംപാക്ട് | 1-32 |
| ഭാഗം **2** | | |
| 1 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | ജി.എസ്.ടി ഈടാക്കിയതിൽ കുറവ് | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ-വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മഴുവന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.07.2023 ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മഴുവന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി: 06.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹73,58,890/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1,29,08,496/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെട്ട ന്നില്ല.

1-1-4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടം, ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂ ചെയ്യുന്ന വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല.

ഇൻകം & എക്പെൻഡീച്ചർ അക്കൗണ്ട് (ഐ-18,19) പ്രകാരം ജേർണ്ണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1-1-8 ലഭ്യത ഉറപ്പാക്കാനാകാത്ത തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വാടകയിനത്തിൽ ₹50,700/- കുടിശ്ശിക ഉണ്ട്. എന്നാൽ ലഭ്യത ഉറപ്പാക്കാനാകാത്ത തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-9 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് രേഖപ്പെടുത്തിയത് കൃത്യമല്ല

CFC ഗ്രാന്റ് Tied ₹ 53,50,612/- ആണ് യഥാർത്ഥ ചെലവ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ₹50,05,940/- എന്ന് തെറ്റായാണ് കണക്കാക്കിയിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിലെ ആകെ നീക്കിയിരിപ്പ് ബി-4 ഷെഡ്യൂളിൽ ₹1,23,34,292/- ആണെങ്കിലും ബാങ്ക് ബുക്ക് പ്രകാരം ₹1,21,09,281/- ആണ്.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 28.03.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റിന് 28.02.2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ (റിവൈസ്ഡ്) |
|---|---|---|
| മുന്നിരിപ്പ് | 22832887.00 | 22832887.00 |
| വരവ് | 404434750.00 | 513819217.00 |
| ആകെ | 427267637.00 | 536652104.00 |
| ചെലവ് | 420358700.00 | 533710303.00 |
| നീക്കിയിരിപ്പ് | 6908937.00 | 2941801.00 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42670922 |
| ഓഡിറ്റ് വർഷത്തെ വരവ് | 62946173 |
| ആകെ | 105617095 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 46089794 |
| നീക്കിയിരിപ്പ് | 59527301 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 34892801 | 34892801 | 31299539 | 0 | 3593262 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10111298 | 10111298 | 9130380 | 0 | 980918 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 195841 | 195841 | 172326 | 0 | 23515 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 25019000 | 25019000 | 15571802 | 0 | 9447198 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8088000 | 8088000 | 5092431 | 0 | 2995569 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-Bank) | 1998124 | 4173000 + 361350 (പലിശ) | 6532474 | 1181434 | 5351040 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied Treasury) | 0 | 278800 | 278800 | 129200 | 0 | 149600 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied Bank) | 5730192 | 6259000 | 11989192 | 5005940 | 6983252(*) | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied Treasury) | 0 | 3894869 | 3894869 | 252115 | 0 | 3642754 |
| കേന്ദ്രാവിഷ്കൃതഫണ്ട്- സാനിട്ടേഷൻ 320 100 181 | 1001757 | 0 | 1001757 | 0 | 1001757 | 0 |
| ICDS- 320 100 196 | 1591806 | 2229512 | 3821318 | 1103783 | 2717535 | 0 |
| ARWSS(Accelerated Rural Water Supply Scheme) 320100101 | 33966 | 0 | 33966 | 0 | 33966 | 0 |
| Total Sanitation Scheme 320100182 | 2113075 | 0 | 2113075 | 0 | 2113075 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| 320200305 Drinking Water Schemes | 2318705 | 0 | 2318705 | 0 | 2318705 | |
| എം എൽ എ ഫണ്ട് 320200307 | 868075 | 0 | 868075 | 0 | 868075 | 0 |
| കേരളോത്സവം 320100199 | 19240 | 0 | 19240 | 0 | 19240 | 0 |
| ശുചിത്വമിഷൻ 320100198 | 350000 | 0 | 350000 | 1657 | 348343 | 0 |
| സാക്ഷരത 320100197 | 2889 | 92 | 2981 | 0 | 2981 | 0 |
| ടോട്ടൽ സാനിറ്റേഷൻ 320300103 | 90000 | 0 | 90000 | 0 | 90000 | 0 |
| ദുരിതാശ്വാസ നിധി | 3509 | - | 3509 | 0 | 3509 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100202 | 0 | 326712 | 326712 | 0 | 326712 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100204 | 0 | 188193 | 188193 | 0 | 188193 | 0 |

(*) ബി-4 ഷെഡ്യൂൾ പ്രകാരം ബാലൻസ് ₹6,98,322/- ആണെങ്കിലും യഥാർത്ഥ ചെലവ് ₹53,50,612/- നീക്കിയിരിപ്പ് ₹66,38,580/- എന്നിങ്ങനെയാണ്. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് ₹1,23,34,292/- ആണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം ₹1,21,09,281/- ആണ്, വ്യത്യാസത്തിന് കാരണം ലഭ്യമല്ല.

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിവിധ ഇനങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ ഒന്നും പൂർണ്ണമായി ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ച്ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | ₹39,73,88,572/- | 101 | ₹8,61,78,662/- | 28 | 53 | 55.49% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2,787 | 17,33,363 | 17,36,150 | 15,63,992 | 1,72,158 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 3,45,48,600 | 3,45,48,600 | 3,45,48,600 | 0 |
| ആകെ | 2,787 | 3,62,81,963 | 3,62,84,750 | 3,61,12,592 | 1,72,158 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8981800 | 842 |
| വിധവാ പെൻഷൻ | 12908800 | 1269 |
| വാർദ്ധക്യകാല പെൻഷൻ | 30234200 | 3008 |
| വികലാംഗപെൻഷൻ | 4545200 | 424 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 616400 | 64 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2023, 3.00 PMന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി, പരിശോധനയിൽ 1,56,244/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന വിഷയങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ കൈമാറിയ തുക ക്രമീകരിക്കുയോ ചെയ്യുന്നില്ല. നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

2. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ചത് വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

4. കേരളോത്സവം പോലുള്ള പരിപാടികൾ നടത്തുമ്പോൾ ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.03.2020 | 01.02.20- 29.02.20 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 മുതൽ 13.10.2017 വരെ | 2014-15, 2015-16, 2016-17 | 11.12.2017 |

## 1-11 തനതു ഫണ്ട് സമാഹരണം-പൊതു അവലോകനം

മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട പൊതുവായ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു .

1) വസ്തുനികുതി- ഗ്രാമപഞ്ചായത്തിലെ കിൻഫ്രയിലെ വിവിധ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി കുടിശ്ശികയിനത്തിൽ ഏകദേശം 2,66,17,991 രൂപ ലഭിക്കുവാനുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2) ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളിൽനിന്നും 3,11,069/- രൂപ വസ്തു നികുതി കുടിശ്ശികയിനത്തിൽ രൂപ ലഭിക്കുവാനുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

3) ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ വിവിധ കെട്ടിടങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ വാടക കുടിശ്ശികയിനത്തിൽ 50700/- രൂപ പിരിച്ചെടുക്കുവാനുണ്ട്. വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാടക രജിസ്റ്റർ പ്രകാരം ഷൈജു, നെല്ലാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 6/198 നമ്പർ കെട്ടിടം 2022-23 സാമ്പത്തിക വർഷത്തിൽ വാടകയ്ക്കു നൽകാതെ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ടി കെട്ടിടം വാടകയ്ക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളുടേയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്ത് നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയിൽ തുക കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | പേര്, വിലാസം | കൈപ്പറ്റിയ ആകെ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി | കുറിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സന്തോഷി കെ എൻ, കിഴക്കേക്കുടി വീട് | 40,000/- | 27.05.2022 | മുൻകൂർ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 2 | മണിക്കുട്ടി രതീഷ് കുമാർ, കുന്നുമ്മൽ | 2,00,000/- | 11.10.2021 | തറ നിർമ്മാണം പൂർത്തീകരിച്ച |
| 3 | ദീപ്തി വി കെ, W/o രാജേഷ്, ചുണ്ടമലപ്പുറം | 40,000/- | 04.09.2020 | മുൻകൂർ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 4 | വനജ ദേവദാസ്, W/o ദേവദാസ്, ഓലിച്ചിറ | 3,00,000/- | 12.08.2021 | ലിന്റൽ-ന് തുക കൈപ്പറ്റി |

തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് 17.10.2023 ൽ 11ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ക്രമ നമ്പർ 1,3,4 എന്നിവയിലെ ഗുണഭോക്താക്കളോട് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ തപാൽ/ഫോൺ മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെന്നും ക്രമ നമ്പർ 2-ലെ ഗുണഭോക്താവ് നിർമ്മാണം ഉടൻ പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 തുടർ വിദ്യാഭ്യാസ പദ്ധതി - അവശ്യ രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0121/23 |
| പ്രൊജക്ടിന്റെ പേര് | സാക്ഷരത-തുടർ വിദ്യാഭ്യാസ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹1,00,000.00 – തനത് ഫണ്ട് |
| ചെലവ് | ₹14,050.00 |
| ബിൽ നമ്പർ | 441/30.03.2023 |

സെക്രട്ടറി നിർവ്വഹണം നടത്തിയ തുടർസാക്ഷരതാ പരിപാടിയിൽ തുല്യതാ പരീക്ഷയ്ക്കായി താഴെപ്പറയും പ്രകാരം സാക്ഷരതാ മിഷന് ഫീസിനത്തിൽ തുക കൈമാറിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. – ₹1,750/- നിരക്കിൽ 3 പേർക്ക് ആകെ : ₹5,250.00

പ്ലസ് ടു – ₹2,200/- രൂപ നിരക്കിൽ 4 പേർക്ക് ആകെ : ₹8,800.00

തുല്യതാ പരീക്ഷയ്ക്കായി മേൽപ്രകാരം 7 പഠിതാക്കൾക്കായി തുക കൈമാറിയിട്ടുണ്ടെങ്കിലും പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകൾ ഫയലിലില്ല. പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17.10.2023 ലെ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ 14,050/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 കൃത്യമായ എസ്റ്റിമേറ്റില്ലാതെ നിക്ഷേപ പ്രവൃത്തിക്ക് മുൻകൂർ നൽകുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S044/23 |
| പ്രൊജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 959281/- (ധനകാര്യ കമ്മീഷൻ അവാർഡ്) |

| | |
|---|---|
| ചെലവ് | 959199/- |
| ബിൽ നമ്പർ | 1) 38/02.07.2022, തുക ₹704956.00<br>2)290/08.03.2023 തുക ₹ 254243.00 |

ഈ പ്രൊജക്ടിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., വളയൻചിറങ്ങര-യുടെ അക്കൗണ്ടിലേക്ക് 9,59,199/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നിരക്ക് രേഖപ്പെടുത്തിയ കൃത്യമായ എസ്റ്റിമേറ്റ് ഇല്ലാതെയാണ് തുക കൈമാറിയിട്ടുള്ളതെന്ന് കാണുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച തുക കൈമാറണമെന്ന കെ.എസ്.ഇ.ബി.-യിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പരിശോധിക്കാതെയും തുകയുടെ കൃത്യത ഉറപ്പ് വരുത്താതെയും മുൻകൂർ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 17.10.2023ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പോലുള്ള പ്രവൃത്തികൾക്ക് തുക കൈമാറുമ്പോൾ നിരക്ക് ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത കൃത്യമായ എസ്റ്റിമേറ്റ് വിലയിരുത്തി തുക കൈമാറുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ജി.ഡബ്ല്യു.എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷം മഴവന്നൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഒരെണ്ണം പോലും തൻവർഷം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | S044/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 1) 38/ 02.07.2022<br>2)290/ 08.03.2023 | 704956/-<br>254243/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| കെ.എസ്.ഇ.ബി. | S213/23, സ്ട്രീറ്റ്മെയിൻ വലിക്കൽ മൂന്നാം ഘട്ടം | 1)328/ 16.03.2023<br>2) 329/ 16.03.2023 | 140082/-<br>37397/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| കെ.എസ്.ഇ.ബി. | S118/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 1)239/ 14.02.2023<br>2) 240/ 14.02.2023 | 654420/-<br>445580/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| കെ.എസ്.ഇ.ബി. | S191/23, സ്ട്രീറ്റ്മെയിൻ വലിക്കൽ | 1)237/ 14.02.2023<br>2) 210/ | 1313640/-<br>116360/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | രണ്ടാം ഘട്ടം | 01.02.2023<br>3) 238/<br>14.02.2023 | 53079/- | |

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവടങ്ങളിൽ നിക്ഷേപിച്ച തുകയുള്ള വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 12/2022-23 തീയതി: 17-10-2023). കഴിഞ്ഞ 3 വർഷങ്ങളിൽ പഞ്ചായത്ത് വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ( മുൻ വർഷ വാർഷിക പദ്ധതികൾ പ്രകാരം) താഴെ കൊടുക്കുന്നു.

2021-2022

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 130/21, സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 22100971/ 16.12.2021 | 239068/- | - | 239068 |
| കെ.എസ്.ഇ.ബി. | 79/21,സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 22100971/ 16.12.2021 | 605719 | - | 605719 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2020-2021

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 313/21, ഇഞ്ചപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 18/20-21/ 30.12.2020<br><br>277057/ 04.12.2020 | 500000<br><br>49979 | - | 500000<br><br>49979 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

2019-20

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 173/20,സ്ട്രീറ്റ് ടാപ്പുകൾ കട്ട് ചെയ്യുന്നതിന് അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ (O/b- 2550000) | 3158006/04.10.19 | 295000 | - | 295000 |

വിവിധ പ്രവൃത്തികൾക്കായി തുക കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ.എസ്.ഇ.ബി, ഗ്രാമ

പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമക്കുന്നില്ല. കെ.ഡബ്ല്യു.എ. കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾതന്നെ തദ്ദേശ സ്വയംഭരണസ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാർ വെക്കണമെന്ന് സർക്കുലർ നം 40308/ഡി പി/03 ത.സ്വ.ഭ.വ. തീയതി 21.08.2003 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ ₹2845000/-, കെ.എസ്.ഇ.ബി.ക്ക് ₹ 5114523/- ഭൂജലവകുപ്പിൽ ₹ 200000 അഡ്വാൻസായി നല്കിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത വ്യക്തമാകുന്നില്ല. തൻ വർഷം ഡെപ്പോസിറ്റ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ചുരുക്കത്തിൽ മുൻ വർഷങ്ങളിൽ എത്ര രൂപ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നല്കിയിട്ടുണ്ടെന്നോ അവയിൽ എതെല്ലാം പ്രവർത്തികളാണ് പൂർത്തിയായിട്ടുള്ളതെന്നോ എത്ര രൂപ തിരികെ ഈടാക്കേണ്ടതുണ്ടെന്നുള്ളതും സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു കണക്കുകളോ രേഖകളോ ഇല്ല. വിവിധ പ്രവൃത്തികൾക്കായി തുക നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസികളുമായി കരാർ ചമക്കാത്തതിനാൽ നിയമ നടപടികൾ സ്വീകരിക്കാനാവില്ല.
നിർവ്വഹണ ഏജൻസികൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

1-16 തരിശ് ഭൂമി നെൽകൃഷി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | 156/23 തരിശ് ഭൂമി നെൽകൃഷി |
| അടങ്കൽ , ഫണ്ട് | 269060/- വികസന ഫണ്ട് (പൊതു വിഭാഗം)<br>20,000/-(തനത് ഫണ്ട്) |
| ചെലവ് വിവരം /<br>ബിൽ നം ,തീയതി, തുക | 22120752004701246895, 25.2.2023, ₹24,800/-<br>22120752004701295712, 6.3.2023, ₹3,920/-<br>2212075200470129,5727 6.3.2023, ₹560/-<br>22120752004701246875, 25.2.2023, ₹2,11,960/-<br>ആകെ – ₹2,41,240/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ തരിശ് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വികസനത്തിനുമായി കർഷകർക്ക് ധനസഹായം നല്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കാണുന്നു.

പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതികൾക്കായി 28.05.2022 ൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 115/2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ക്രമനം 6.1 (കൃഷി) 8 ൽ തരിശ് ഭൂമി കൃഷി ചെയ്യുന്നതിനായി മൂന്നു വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യാത്ത ഭൂമിയെയാണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടത്, ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായ നിരക്കിലായിരിക്കണം ആനുകൂല്യം നല്കാവുന്നതെന്നും നിഷ്കർഷിക്കുന്നുണ്ട്. ആയതനുസരിച്ച് അപേക്ഷകർ നല്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂവിസ്തൃതിക്കാനുപാതികമായി നെൽകൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ പരിശോധിച്ച് ധനസഹായം അനുവദിക്കാവുന്നതാണ്. നിലവിൽ 29 ഗുണഭോക്താക്കൾക്ക്

ഗ്രാമപഞ്ചായത്തിൽ നിന്ന് തരിശ് നെൽകൃഷിക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷി ചെയ്തിരിക്കുന്നത് തരിശ് ഭൂമിയിലാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃഷി അസിസ്റ്റന്റിന്റെയോ, അസിസ്റ്റന്റ് കൃഷി ഓഫീസറുടേയോ ശിപാർശ അപേക്ഷയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യമായി തുക അനുവദിച്ചത് കൊണ്ടുള്ള കൃഷി ഓഫീസറുടെ ഉത്തരവില്ല. ഗുണഭോക്താക്കൾ നല്കിയ അപേക്ഷയിലെ ഭൂവിസ്തൃതി മാത്രം പരിഗണിച്ചാണ് തരിശ് നില നെൽകൃഷിക്ക് ധനസഹായം അനുവദിച്ചിട്ടുള്ളത്. ധനസഹായം അനുവദിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-17 പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന ബാങ്ക് പാസ്സ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| Code | Bank | Amount (Balance Sheet ) |
|---|---|---|
| 450210101 | Union Bank Of India | 10,000.00 |
| 450210104 | Sub Treasury , Kunnathunadu | 0.00 |

പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 19 തീയതി 18-10-23) - ന് മറുപടി ലഭിച്ചില്ല.

1-18 ബാങ്കിലെ നീക്കിയിരുപ്പ് - പലിശ നഷ്ടം

പഞ്ചായത്തിൽ തനത് അക്കൗണ്ടിൽ (Airapuram SCB Own Fund 2124-(54)) നീക്കിയിരുപ്പായി 31-3-23-ൽ 3,13,45,983/- രൂപ നീക്കിബാക്കിയുണ്ട്. ഇത് കൂടാതെ SBI Own Fund Account (33655376441)-ൽ 66,99,519/- രൂപയും നീക്കിയിരുപ്പുണ്ട്. ഈ തുകകൾ സ്ഥിരനിക്ഷേപമായി മാറ്റാത്തതിനാൽ വലിയ ഒരു തുകയാണ് പഞ്ചായത്തിന് ഓരോ വർഷവും പലിശയിനത്തിൽ നഷ്ടം വരുന്നത്. അത്യാവിശ്യത്തിൽ അധികം കിടക്കുന്ന തുക സ്ഥിരനിക്ഷേപമായി മാറ്റേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 19 തീയതി 18-10-23) മറുപടിയിൽ ഈ വർഷം (2023-24) ഒരു കോടി രൂപ സ്ഥിരനിക്ഷേപമായി ഇട്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യത്തിൽ അധികം ഉള്ള തുക മുഴുവൻ സ്ഥിരനിക്ഷേപമായി മാറ്റാവുന്നതാണ്.

1-19 ബാങ്ക് ബുക്കും പാസ്സ് ബുക്കും തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു.

തനത് അക്കൗണ്ട് - 450210102 - AIRAPURAM S.C.B. Own Fund 2124(54) - അക്കൗണ്ടിൽ 31-3-23-ൽ ബാങ്ക് പലിശയായി 17,37,716.00/- രൂപ ബാങ്ക് ബുക്കിൽ വരവായി (Debit) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം 5,59,982/- രൂപ മാത്രമാണ് പലിശയിനത്തിൽ ക്രെഡിറ്റായി വന്നിട്ടുള്ളത്.

കൂടാതെ ബാങ്ക് ബുക്ക് പ്രകാരം 5-4-22-ൽ ബാങ്കിൽ നിക്ഷേപിച്ച 42,512/- രൂപയും 17-8-22-ൽ ബാങ്കിൽ നിക്ഷേപിച്ച 21,860/- രൂപയും പാസ്സ് ബുക്കിൽ ക്രെഡിറ്റായി വന്നിട്ടില്ല. ഈ വ്യത്യാസങ്ങൾ ഉൾപ്പെടുത്താതെയാണ് ബാങ്ക് ബുക്കും പാസ്സ് ബുക്കും റിക്കൺസിലിയേഷൻ ചെയ്തിരിക്കുന്നത്. ആയതിനാൽ എപ്രകാരം റിക്കൺസിലിയേഷൻ ചെയ്തു എന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21 തീയതി 18-10-23) മറുപടി ലഭിച്ചില്ല. ഇത് പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

1-20 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0144/23 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | നൈപുണ്യ നഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹40000.00 – വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹39980.00 |
| ബിൽ നമ്പർ | 289/08.03.2023 |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.5.22, ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല. എന്നാൽ ഈ പ്രൊജക്ടിൽ 60 വയസിന മുകളിൽ പ്രായം ഉള്ള 31 പേർക്ക് 10 ദിവസത്തെ കമ്പ്യൂട്ടർ പരിശീലനം നൽകിയതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. പരിശീലന പരിപാടിയിൽ പങ്കെടുത്ത 31 പേരിൽ 22 പേർ മാത്രമാണ് 10 ദിവസങ്ങളിൽ പൂർണ്ണമായി പരിശീലനത്തിന് ഹാജരായിട്ടുള്ളത്. 9 പേർ വിവിധ തീയതികളിൽ ഹാജരായിട്ടില്ല. പരിശീലനം നടത്തി തൊഴിൽ നൽകുകയോ, സംരംഭം തുടങ്ങുകയോ ചെയ്തിട്ടില്ല.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 16.10.2023 ൽ നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയ പ്രൊജക്ട് ആയതിനാൽ ഈയിനത്തിലെ 39,980/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല.

1) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

| | നിർവ്വഹണ ഏജൻസി | പ്രവൃത്തി | അടങ്കൽ (ഫണ്ടിനം) | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | കെ എസ് ഇ ബി | S044/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 959281/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 704956/-<br>254243/- | 1) 38/ 02.07.2022<br>2)290/ 08.03.2023 |
| 2 | കെ എസ് ഇ ബി | S213/23, സ്ട്രീറ്റ്മെയിൻ വലിക്കൽ മൂന്നാം ഘട്ടം | 915202/- ( വികസന ഫണ്ട്- സാധാരണ വിഹിതം) | 140082/-<br>37397/ | 1)328/ 16.03.2023<br>2) 329/ 16.03.2023 |
| 3 | കെ എസ് ഇ ബി | S118/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 1100000/- (വികസന ഫണ്ട്- സാധാരണ വിഹിതം) | 654420/-<br>445580/- | 1)239/ 14.02.2023<br>2) 240/ 14.02.2023 |
| 4 | കെ എസ് ഇ ബി | S191/23, | 1500000/- | 1)1313640/- | 1)237/ |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ്മെയിൻ വലിക്കൽ രണ്ടാം ഘട്ടം | (1430000/- വികസന ഫണ്ട്-സാധാരണ വിഹിതം 70000/- തനതുഫണ്ട്) | (വികസന ഫണ്ട്-സാധാരണ വിഹിതം) 2)116360/-( വികസന ഫണ്ട്-സാധാരണ വിഹിതം) 3)53079/-(തനതുഫണ്ട്) | 14.02.2023 2) 210/ 01.02.2023 3) 238/ 14.02.2023 |
| | | ആകെ | 3719757/- | |

2) ജില്ലാ പഞ്ചായത്തിന് നൽകിയ തുക.

| | സ്ഥാപനം | പ്രൊജക്ട് | അടങ്കൽ (ഫണ്ടിനം) | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | S212/23, കാരുണ്യ സ്പർശം ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം | 60000/- (1430000/- വികസന ഫണ്ട്-സാധാരണ വിഹിതം) | 1)18975/- | 1)417/ 28.03.2023 |
| | | | ആകെ | 18975/- | |

മുകളിൽ കൊടുത്തിട്ടുള്ള പ്രൊജക്ടുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് 16.10.2023ൽ നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹37,38,732 (3719757+18975) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21-1 പി എം എ വൈ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

1.

| | |
|---|---|
| പ്രൊജക്ട് നമ്പർ | SO 27/23 |
| പ്രൊജക്ടിന്റെ പേര് | പി എം എ വൈ (എസ് സി) പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹115000.00 (എസ് സി പി) |
| ചെലവ് | ₹115000.00 |
| ബിൽ നമ്പർ | 163/03.01.2023 |

2.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S067/23 |
| പ്രൊജക്ടിന്റെ പേര് | പി എം എ വൈ പട്ടികജാതി പഞ്ചായത്ത് വിഹിതം ബ്ലോക്ക് ഓഫീസിൽ നൽകൽ |
| അടങ്കൽ | ₹135000.00 (എസ് സി പി) |
| ചെലവ് | ₹135000.00 |
| ബിൽ നമ്പർ | 126/08.11.2022 |

3.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 66/23 |
| പ്രൊജക്ടിന്റെ പേര് | പി എം എ വൈ ജനറൽ പഞ്ചായത്ത് വിഹിതം ബ്ലോക്ക് ഓഫീസിൽ നൽകൽ |
| അടങ്കൽ | ₹210000.00 (വികസന ഫണ്ട്-ജനറൽ) |

| | |
|---|---|
| ചെലവ് | ₹210000.00 |
| ബിൽ നമ്പർ | 125/08.11.2022 |

വി ഇ ഒ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ മുകളിൽ ചേർത്തിട്ടുള്ള പ്രകാരം മൂന്ന് പ്രൊജക്ടുകളിലായി ബ്ലോക്ക് പഞ്ചായത്തിന് ആകെ ₹460000.00 കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ, തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 18.03.2023 ലെ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹4,60,000.00-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-22 ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

1. തനത് അക്കൗണ്ട് - 450210102 - AIRAPURAM S C B Own Fund 2124 (54) – എന്ന ഒരേ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക മൂന്ന് തുകകളായി മൂന്ന് തവണ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവ 5,38,590/-, 3,13,45,983/-, 3,10,960/- എന്നിങ്ങനെയാണ്, ഇപ്രകാരം ആകെ തുക 3,21,95,533/- രൂപയാണ്. എന്നാൽ പാസ്സ് ബുക്കുമായി റിക്കൺസിലേഷൻ നടത്തിയിരിക്കുന്നത് 3,13,45,983/- രൂപയുമായാണ്. മേൽ അപാകതകൾ സംഭവിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

2. തനത് അക്കൗണ്ട് നം. SBI – Own Fund Account (3365537441) - റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്.

| | |
|---|---|
| Bank Book | 66,99,519 |
| Add<br>Cheque Issued But Not Presented Into Bank (P) | 31261 |
| Less | |
| Cheque Deposited But Not Cleared | 2,12,359 |
| Cash Or Cheque Deposited | 8,21,433 |
| Passbook Balance | 56,96,988 |

ഇതിൽ Cheque Deposited But Not Cleared എന്ന 2,12,359/- - രൂപയും Cash Or Cheque Deposited എന്ന 8,21,433/- രൂപയും പാസ്സ് ബുക്കിൽ ക്രെഡിറ്റ് വന്നിട്ടുള്ളതാണ്. ആയതിനാൽ ഇപ്രകാരം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിൽ പിശക് സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ഇത്രയും തുക ബാങ്ക് ബുക്കിൽ അധികമായി ഉൾപ്പെട്ടിരിക്കുന്നു. ബാങ്ക് ബുക്ക് ശരിയായി തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23 തീയതി 18-10-23) മറുപടി ലഭിച്ചില്ല.

### 1-23 വാട്ടർ ചാർജ് അടക്കുന്നത് - ടാപ്പുകളുടെ എണ്ണം വ്യക്തമല്ല.

സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ നിലവിൽ (2023 ജനുവരി മുതൽ) 616 ടാപ്പുകൾക്ക് ഓരോ മാസവും 7,47,362/- രൂപ പഞ്ചായത്ത് അടക്കുന്നു. എന്നാൽ പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ രജിസ്റ്ററുകളിലോ ഫയലുകളിലോ ഇവയുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയോ എന്നും വ്യക്തമല്ല. മറുപടി നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് *(നം. 22 തീയതി 18-10-23)* മറുപടി ലഭിച്ചില്ല. മറുപടി നൽകേണ്ടതാണ്.

### 1-24 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും,

